(ബി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് എന്തെങ്കിലും നിലയിലുള്ള ശ്രമം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) വിനോദസഞ്ചാരികൾക്കാവശ്യമായ കലാമാതൃകകളും കരകൗശല ഉൽപ്പന്നങ്ങളും വികസിപ്പിക്കാനും വിപണനം നടത്താനും ഫലപ്രദമായ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത രംഗത്തെ സാധ്യതകൾ വിശദമാക്കാമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ—സി) വിനോദസഞ്ചാരികൾക്ക് ആകർഷകമാംവിധം കരകൗശല ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരികയാണ്. പ്രധാനമായും സർക്കാരിന്റെ സഹായത്തോടെ സ്വകാര്യ മേഖലയിലാണ് ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിക്കപ്പെടുന്നത്. ഇങ്ങനെ വികസിപ്പിക്കപ്പെടുന്ന ടൂറിസം ഉൽപ്പന്നങ്ങൾക്ക് ദേശീയ-അന്തർദേശീയ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ നിലവിലുണ്ട്. ടൂറിസത്തിന്റെ വിവിധ ഉൽപ്പന്നങ്ങളായ ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഉല്ലാസ കേന്ദ്രങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ, കരകൗശലകേന്ദ്രം തുടങ്ങിയവക്ക് അംഗീകാരം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. ഒരു വർഷത്തിനകം 110 പുതിയ കരകൗശല മാതൃകകൾ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മാതൃകകൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും ആവശ്യമായ സൗകര്യം ഒരുക്കിയിട്ടുണ്ട്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ദേശീയ-അന്തർദ്ദേശീയ മേളകൾ വഴിയും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് നമ്മുടെ തനതു കരകൗശല ഉൽപ്പന്നങ്ങളും കലാമാതൃകകളും ആകർഷണീയമാണ്. ഇതുവഴി ധാരാളം പേർക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും ടൂറിസത്തിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി

*26 [586] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, എ. കെ. മണി:
,, എൻ. ഡി. അപ്പച്ചൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേയിലത്തോട്ടങ്ങൾ നേരിടുന്ന പ്രതിസന്ധി റബ്ബർ, കാപ്പി, ഏലം എന്നീ തോട്ടങ്ങളേയും ബാധിച്ചിട്ടുണ്ടോ;

(ബി) റബ്ബർ, കാപ്പി, ഏലത്തോട്ടങ്ങളുടെ ശരാശരി വിസ്തൃതി എത്രയെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം തോട്ടങ്ങളുടെ വിസ്തൃതിയുടെ അഞ്ചു ശതമാനം മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ അനുവദിക്കുന്നതുകൊണ്ട്, അത്തരം തോട്ടങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) റബ്ബർ ഒഴിച്ച് ഉണ്ട്, എങ്കിലും പ്രതിസന്ധി തേയിലത്തോട്ടങ്ങളിലെ പോലെ രൂക്ഷമല്ല.

(ബി) 2003-2004-ലെ കണക്കുകൾ പ്രകാരം റബ്ബർ തോട്ടത്തിന്റെ വിസ്തൃതി 478402 ഹെക്ടറും കാപ്പിത്തോട്ടത്തിന്റെ വിസ്തൃതി 84684 ഹെക്ടറും ഏലത്തോട്ടത്തിന്റെ വിസ്തൃതി 41782 ഹെക്ടറുമാണ്.

(സി) ഇത്തരം തോട്ടങ്ങളുടെ വിസ്തൃതിയുടെ അഞ്ചു ശതമാനം മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ അനുവദിക്കുന്നതുകൊണ്ട് അത്തരം തോട്ടങ്ങളുടെ പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. തോട്ടങ്ങളിലെ 5 ശതമാനം വിസ്തൃതിയിൽ കൂടുതൽ ഉല്പാദനം തരുന്ന വ്യാവസായിക പ്രാധാന്യമുള്ള സ്നീവിയ, സഫേദ് മുസ്ലി, പതിമുഖം, കരിങ്ങാലി, വാനില തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും പ്രതിസന്ധി കുറയ്ക്കുവാനും കഴിയും.

റേഷൻ വിതരണം മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതി

*27 [587] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻ വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടി എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) റേഷൻ വിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായമോ പുതിയ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) ബി.പി.എൽ. കാർഡുടമകൾക്ക് ഇപ്പോൾ എത്ര പഞ്ചസാരയും ഗോതമ്പും വിതരണം ചെയ്യുന്നുണ്ട്; അത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly